സാമ്പത്തിക പ്രതിസന്ധി 'ഉണ്ടില്ല'

സാബു ജോൺ

തിരുവനന്തപുരം: സാമ്പത്തിക പ്രതിസന്ധിയേക്കുറിച്ചുള്ള അടിയന്തരപ്രമേയ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ച പ്രതിപക്ഷത്തെ എ.പി. അനിൽകുമാറിന് ധനമന്ത്രിയോട് ഒരു അഭ്യർഥനയേ ഉള്ളു: സാമ്പത്തിക പ്രതിസന്ധി ഉണ്ടോ ഇല്ലയോ എന്നു കൃത്യമായും വ്യക്തമായും പറയണം. ഇക്കാര്യത്തിൽ മന്ത്രി ഇതുവരെ പറയുന്നത് 'ഉണ്ടില്ല്' എന്നാണത്രേ. ഉണ്ടെന്നും പറയില്ല ഇല്ലെന്നും പറയില്ല. ഇന്നലത്തെ മറുപടിയിലും 'സാമ്പത്തിക പ്രതിസന്ധി' ഉണ്ടില്ല് എന്ന മട്ടിലായിരുന്നു.

ഹൃദയദിനത്തിൽ ഹൃദയത്തിന്റെ ഭാഷയിലായിരുന്നു പലരും അടിയന്തരപ്രമേയത്തെ സമീപിച്ചത്. മരുന്നു വിതരണത്തിനു പിന്നാലെ ആശുപത്രികളിൽ ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ പോലും കിട്ടാനില്ലാതായെന്നു പറഞ്ഞ ഡോ. മാത്യു കുഴൽനാടൻ സർക്കാരിനെ ഹൃദയമില്ലാത്ത സർക്കാർ എന്നാണു വിശേഷിപ്പിച്ചത്. തദ്ദേശ തെരഞ്ഞെടുപ്പു കഴിയുമ്പോൾ യുഡിഎഫിന് മൈനർ അറ്റാക്ക് വരുമെന്നും നിയമസഭാ തെരഞ്ഞെടുപ്പു കഴിയുമ്പോൾ നെഞ്ചിടിപ്പു നിൽക്കുമെന്നുമാണ് കെ. ബാബു (നെന്മാറ) വിന്റെ ഹൃദയദിനത്തിലെ പ്രവചനം. എന്തെല്ലാം പ്രതിസന്ധികളുണ്ടായാലും ഈ സർക്കാർ എല്ലാവരെയും ഹൃദയപൂർവം ചേർത്തു നിർത്തുമെന്നാണു ധനമന്ത്രി കെ.എൻ. ബാലഗോപാൽ ഉറപ്പു നൽകുന്നത്. അല്ലാതെ 'ഐ ഡോണ്ട് കെയർ' എന്നു പറഞ്ഞൊഴിയില്ലെന്നു പറഞ്ഞ് പ്രതിപക്ഷത്തിനൊരു കുത്തും നൽകി.

സർക്കാർ കൊടുത്തു തീർക്കാനുള്ള കോടികളുടെ കുടിശികകളേക്കുറിച്ചായിരുന്നു അടിയന്തര പ്രമേയം അവതരിപ്പിച്ചു സംസാരിച്ച ഡോ. മാത്യു കുഴൽനാടൻ തുടങ്ങി എല്ലാ പ്രതിപക്ഷ അംഗങ്ങളും ഊന്നൽ നൽകിയത്. എല്ലാം ഭദ്രമെന്ന മട്ടിൽ പ്രസംഗിച്ചിരുന്ന ഭരണപക്ഷത്തെ ജി.എസ്. ജയലാലിനു പിന്നാലെ വന്നത് പി.കെ. കുഞ്ഞാലിക്കുട്ടി ആയിരുന്നു. എല്ലാം ഭദ്രമാണെങ്കിൽ പിന്നെ കരാറുകാർക്കും സർക്കാർ ജീവനക്കാർക്കും മരുന്നു കമ്പനികൾക്കും മറ്റുമുള്ള കുടിശിക അങ്ങു കൊടുത്തു തീർക്കരുതോ എന്നായി കുഞ്ഞാലിക്കുട്ടി. സർക്കാരിനു മേനി പറച്ചിൽ മാത്രമേ ഉള്ളു, കൈയിൽ കാശൊന്നുമില്ലെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

പ്രതിസന്ധിയെന്നു പറയുന്നവരെ പൊട്ടക്കിണറ്റിലെ തവളയോടാണ് തല മുതിർന്ന കമ്യൂണിസ്റ്റ് ആയ പി. നന്ദകുമാർ ഉപമിച്ചത്. യുഎസ് ട്രഷറി പൂട്ടുമെന്ന ധനകാര്യ പ്രസിദ്ധീകരണത്തിലെ ലേഖനം വായിച്ച ആവേശത്തിലാണു നന്ദകുമാർ. കേരളത്തിലെ ഓണവിപണി കണ്ടു മറ്റു സംസ്ഥാനങ്ങൾ ഞെട്ടിയെന്നാണു നന്ദകുമാർ മനസിലാക്കുന്നത്. കേരളത്തിലെ പുതിയ റോഡുകളും സ്കൂൾ-ആശുപത്രി കെട്ടിടങ്ങളുമൊന്നും പ്രതിപക്ഷം കാണുന്നില്ലേ എന്നാണ് സെബാസ്റ്റ്യൻ കുളത്തിങ്കലിന്റെ സംശയം. മാതൃമരണ നിരക്കിൽ കേരളം അമേരിക്കയെയും പിന്തള്ളിയതിന്റെ ആഹ്ലാദം കുളത്തുങ്കൽ മറച്ചുവച്ചില്ല.

ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ പത്രക്കട്ടിംഗുകളായിരുന്നു യു. പ്രതിഭയുടെയും പി.പി. ചിത്തരഞ്ജന്റെയും ആയുധങ്ങൾ. അന്നത്തെ സാമ്പത്തിക പ്രതിസന്ധി വിവരിക്കുന്ന പത്രറിപ്പോർട്ടുകളിലൂടെ ഇരുവരും ആവേശപൂർവം കടന്നു പോയി.

പട്ടികജാതി, പട്ടികവർഗ വിദ്യാർഥികളുടെ സ്കോളർഷിപ്പുകൾ പോലും മുടക്കിയെന്നു പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ പറഞ്ഞു. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തും പിണറായി ഒന്ന്, രണ്ട് സർക്കാരുകളുടെ കാലത്തും പട്ടികജാതി, പട്ടികവർഗ വിഭാഗത്തിനായി ചെലവഴിച്ച തുകയുടെ കണക്കുകൾ നിരത്തിയാണ് ധനമന്ത്രി പ്രതിരോധിച്ചത്. പട്ടികജാതി, പട്ടികവർഗ വകുപ്പുമന്ത്രി ഒ.ആർ. കേളു നൽകിയ കണക്കുകളാണു താൻ ഉദ്ധരിച്ചതെന്നു പ്രതിപക്ഷ നേതാവ് തിരിച്ചു പറഞ്ഞു.

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട നിയമന പ്രശ്നങ്ങളുടെ പേരിൽ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിയും മോൻസ് ജോസഫും തമ്മിൽ ഒന്നിലേറെ തവണ ഏറ്റുമുട്ടി. ശൂന്യവേളയിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചു കൊണ്ടാണ് മോൻസ് ആദ്യം ഈ വിഷയം ഉന്നയിച്ചത്. പിന്നീട് അടിയന്തരപ്രമേയ ചർച്ചയിലും മോൻസ് ഈ വിഷയം ഉയർത്തി. എൻഎസ്എസിന്റെ സ്ഥാപനങ്ങൾക്കു കോടതി വിധിയുടെ അടിസ്ഥാനത്തിൽ നൽകിയ നിയമനാനുമതി ക്രിസ്ത്യൻ സ്ഥാപനങ്ങൾക്കു നൽകുന്നില്ലെന്നാണ് മോൻസ് ആരോപിച്ചത്. അഡ്വക്കറ്റ് ജനറലിന്റെ നിയമോപദേശമെന്നൊക്കെ പറഞ്ഞു വീണ്ടും വിശദീകരണവുമായി മന്ത്രി ശിവൻകുട്ടി രംഗത്തു വന്നു.

സാമ്പത്തിക തകർച്ചയെന്നു പ്രതിപക്ഷം; ക്ഷേമ, വികസന പ്രവർത്തനങ്ങൾക്കു മുടക്കമില്ലെന്നു ധനമന്ത്രി

തിരുവനന്തപുരം: കേരളം ഒരു കാലത്തുമുണ്ടാകാത്ത തരത്തിലുള്ള സാമ്പത്തിക തകർച്ചയെ നേരിടുകയാണെന്നു പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ. കേന്ദ്ര സർക്കാർ സാമ്പത്തികമായി ഞെരുക്കുമ്പോഴും ക്ഷേമ, വികസന പ്രവർത്തനങ്ങൾ വീഴ്ചകൂടാതെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നതായി ധനമന്ത്രി കെ.എൻ. ബാലഗോപാലിന്റെ മറുപടി. സാമ്പത്തിക പ്രതിസന്ധിയേക്കുറിച്ച് ഡോ. മാത്യു കുഴൽനാടൻ നോട്ടീസ് നൽകിയ അടിയന്തരപ്രമേയ ചർച്ചയിലാണ് കേരളത്തിന്റെ സാമ്പത്തികനില സംബന്ധിച്ച് ഭരണ പ്രതിപക്ഷ തർക്കം അരങ്ങേറിയത്.

കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റിലും കേന്ദ്രവിഹിതത്തിലും കടമെടുക്കൽ പരിധിയിലും വലിയ വെട്ടിക്കുറവു വരുത്തിയിട്ടും കഴിഞ്ഞ നാലരവർഷത്തിനിടയിൽ ചെലവഴിക്കുന്ന തുകയിൽ 50 ശതമാനം വർധന വരുത്താൻ കഴിഞ്ഞു. കടമെടുക്കാവുന്ന തുകയിൽ അഞ്ചു വർഷം കൊണ്ട് ഒന്നേകാൽ ലക്ഷം കോടി രൂപയുടെ വെട്ടിക്കുറവു വരുത്തി. ഈ തുക അനുവദിച്ചിരുന്നെങ്കിൽ മാത്രം ഇന്നുള്ള ബാധ്യതകൾ ഒന്നും ഉണ്ടാകില്ലായിരുന്നു. തദ്ദേശസ്ഥാപനങ്ങൾക്കുള്ള വിഹിതം ഗണ്യമായി വർധിപ്പിച്ചു. ജിഎസ്ടിയിൽ ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാരിന്റെ സമീപനങ്ങൾ ഇങ്ങനെ തുടർന്നാൽ ഒരു സംസ്ഥാനത്തിനും മുന്നോട്ടു പോകാനാകില്ലെന്നും കൂട്ടായ ചെറുത്തുനിൽപ്പ് ഉണ്ടാകണമെന്നും മന്ത്രി പറഞ്ഞു.

സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുമ്പോഴും നികുതി പിരിവ് വർധിപ്പിക്കാൻ നടപടിയൊന്നുമില്ലെന്നു പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി. ജിഎസ്ടിക്കു മുമ്പ് സ്വർണത്തിൽ നിന്നുള്ള വരുമാനം 630 കോടി രൂപയായിരുന്നു. അന്നു സ്വർണം പവന് 4000 മുതൽ 5000 രൂപ വരെയായിരുന്നു വില. ഇപ്പോൾ വില പതിനാറ് ഇരട്ടി വർധിച്ചിട്ടും സ്വർണത്തിൽ നിന്നുള്ള നികുതി വരുമാനം വർധിക്കുന്നില്ല. പുതുതായി അഞ്ചു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചെന്നാണ് വ്യവസായമന്ത്രി പറയുന്നത്. എന്നിട്ട് എന്തു കൊണ്ടാണ് നികുതി അടിത്തറ വിപുലപ്പെടാത്തതെന്നു മനസിലാകുന്നില്ല. ബാറിന്റെ എണ്ണത്തിൽ വലിയ വർധന ഉണ്ടാകുമ്പോഴും അതിൽ നിന്നുള്ള നികുതി വരുമാനം കൂടുന്നില്ല. കോടിക്കണക്കിനു രൂപയുടെ കുടിശിക ബില്ലുകൾ കെട്ടിക്കിടക്കുകയാണെന്നും വാർഷിക പദ്ധതി തകർന്നു തരിപ്പണമായെന്നും സതീശൻ കുറ്റപ്പെടുത്തി.

നികുതി പിരിവിൽ ഉൾപ്പെടെ കാര്യക്ഷമതയില്ലായ്മയാണ് സാമ്പത്തിക സ്ഥിതി മോശമാകാൻ കാരണമാകുന്നതെന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചു കൊണ്ട് ഡോ. മാത്യു കുഴൽനാടൻ ചൂണ്ടിക്കാട്ടി. ജിഎസ്ടി വളർച്ചയിൽ വലിയ തോതിലുള്ള കുറവു വന്നതായി കണക്കുകൾ പുറത്തു വന്നിട്ടുണ്ട്. സാമ്പത്തിക വർഷം പകുതി പിന്നിട്ടപ്പോഴും പദ്ധതി ചെലവ് കാര്യമായി നടന്നിട്ടില്ല. കാർഷിക മേഖലയിൽ ഒന്നും ചെയ്യുന്നില്ല. സർക്കാർ ജീവനക്കാരുടെ ഡിഎയിൽ വലിയ കുടിശിയുണ്ട്. ക്ഷേമനിധി ആനുകൂല്യങ്ങൾ കുടിശികയാണ്. ഗസ്റ്റ് അധ്യാപകരുടെ വേതനം പോലും സമയത്തു കൊടുക്കുന്നില്ല. ചരിത്രത്തിലാദ്യമായി പട്ടികജാതി, പട്ടികവർഗ വിദ്യാർഥികളുടെ ഗ്രാന്റിലും കൈവച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ ചെലവാക്കാത്ത തുക അടുത്ത വർഷത്തേക്കു കാരി ഓവർ ചെയ്യുന്ന രീതി നിർത്തലാക്കി. ഇങ്ങനെ സമസ്ത മേഖലകളിലും പ്രതിസന്ധി തുടരുമ്പോഴും ധൂർത്തിനു കുറവില്ലെന്ന് മാത്യു കുഴൽനാടൻ പറഞ്ഞു.

സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുമെന്ന് എം.ബി. രാജേഷ്

തിരുവനന്തപുരം: മുനിസിപ്പാലിറ്റി, പഞ്ചായത്തീരാജ് നിയമത്തിൽ ഭേദഗതി വരുന്നതോടെ രാജ്യത്ത് സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുമെന്നു മന്ത്രി എം. ബി. രാജേഷ്. കേരള മുൻസിപ്പാലിറ്റി ഭേദഗതി ബിൽ, കേരള പഞ്ചായത്ത് രാജ് ഭേദഗതി ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി. അധികാരവികേന്ദ്രീകരണത്തിൽ കേരളം രാജ്യത്തിന് വഴികാട്ടിയാണ് 2011-15ൽ തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ച ശരാശരി പദ്ധതി അടങ്കൽ വിഹിതം 24.11ശതമാനം ആണ്. 2021- 25 കാലയളവിൽ ഇത് 27.26 ശതമാനം ആയി ഉയർന്നു.

സംസ്ഥാനത്ത് ഏറെ സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടും തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ സർക്കാർ ക്രമാനുഗതമായ വർധന നടപ്പാക്കി. പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുക 2021 ലെ സംസ്ഥാന ബജറ്റിൽ ഉള്ളതാണ്. നയപരമായ തീരുമാനമാണ് ഇത്. തദ്ദേശ സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിന് ഇന്റേണൽ വിജിലൻസ്, ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ എന്നിങ്ങനെ ജുഡീഷ്യൽ സംവിധാനങ്ങളും ഭരണസംവിധാനങ്ങളും നിലവിലുണ്ടെന്നും മന്ത്രി പറഞ്ഞു.

ചർച്ചകൾക്കുശേഷം ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു. ചർച്ചയിൽ പി. സി. വിഷ്ണുനാഥ്, ഡി.കെ. മുരളി, ആര്യാടൻ ഷൗക്കത്ത്, കടകംപള്ളി സുരേന്ദ്രൻ, എ. കെ. എം. അഷ്റഫ് എന്നിവർ പങ്കെടുത്തു.

നെല്ലെടുത്താലുടൻ കർഷകർക്ക് പണം അടുത്ത വർഷം മുതലെന്ന്

തിരുവനന്തപുരം: അടുത്ത വർഷം മുതൽ നെല്ല് സംഭരിച്ചാലുടൻ കർഷകർക്ക് പണം നൽകുമെന്നു മന്ത്രി ജി.ആർ. അനിൽ നിയമസഭയിൽ പറഞ്ഞു. കേരളാ ബാങ്കുമായി ചേർന്ന് പദ്ധതി തയാറാക്കിയിട്ടുണ്ട്. 2.07 ലക്ഷം കർഷകരിൽ നിന്ന് 5.8 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചതിന് നൽകാനുണ്ടായിരുന്ന 1645 കോടിയിൽ 1574.57 കോടിയും അനുവദിച്ചു. 1.96 ലക്ഷം കർഷകർക്കും പണം കിട്ടിയിട്ടുണ്ട്. 70.5 കോടി മാത്രമാണ് കുടിശിക.

പ്രോത്സാഹന ബോണസ് ഇനത്തിൽ വകയിരുത്തിയ തുകയാണ് ഉപയോഗിച്ചത്. കേന്ദ്രത്തിൽനിന്ന് ഒരു രൂപ പോലും ലഭിച്ചിട്ടില്ല. 2024 വരെയുള്ള 1206 കോടി രൂപ കേന്ദ്രം തടഞ്ഞുവച്ചിരിക്കുകയാണ്. യഥാസമയം കണക്ക് നൽകിയില്ലെന്ന വാദം തെറ്റാണെന്നും കണക്കുകൾ നൽകിയാലും കേന്ദ്രം പണം നൽകാൻ 12 മാസം വരെ വൈകുമെന്നും സി.സി. മുകുന്ദന്റെ സബ്മിഷന് മന്ത്രി മറുപടി നൽകി.

മത്സ്യത്തൊഴിലാളി ധനസഹായം വർധിപ്പിക്കുന്നത് പരിഗണനയിലെന്ന്

തിരുവനന്തപുരം: മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ ധനസഹായം 4500 രൂപയിൽ നിന്ന് വർധിപ്പിക്കുന്നത് പരിഗണനയിലാണെന്ന് മന്ത്രി സജി ചെറിയാൻ നിയമസഭയിൽ പറഞ്ഞു. കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായാണ് ഇപ്പോൾ ഇത് നടപ്പാക്കുന്നത്.

കേന്ദ്രവിഹിതം ലഭിക്കാനുള്ള കാലതാമസമാണ് സഹായ വിതരണം വൈകാൻ കാരണം. കേന്ദ്രാനുമതിയില്ലാതെ സംസ്ഥാന വിഹിതം മാത്രമായി നൽകാനാകില്ല. സംസ്ഥാന വിഹിതം നൽകാൻ പണം തയാറാണെന്നും അദ്ദേഹം കേന്ദ്രാനുമതി ലഭിച്ചാൽ സഹായം വിതരണം ചെയ്യുമെന്നും കെ.കെ.രമയുടെ സബ്മിഷന് മന്ത്രി മറുപടി നൽകി.

മുക്കുപണ്ടം പണയം വയ്ക്കുന്നവരുടെ സ്വത്തുക്കൾ കണ്ടുകെട്ടും

തിരുവനന്തപുരം: മുക്കുപണ്ടം പണയം വച്ച് തട്ടിപ്പു നടത്തുന്നവരുടെ സ്വത്തുക്കൾ കണ്ടുകെട്ടി ധനകാര്യ സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം തിരിച്ചുപിടിക്കുന്ന തരത്തിൽ നിയമഭേദഗതി പരിഗണനയിലാണെന്ന് മന്ത്രി കെ.എൻ. ബാലഗോപാൽ നിയമസഭയിൽ പറഞ്ഞു.

ഇത്തരക്കാർക്കെതിരേ പോലീസിന് ജാമ്യമില്ലാ വകുപ്പു പ്രകാരം കേസെടുക്കാം. അഞ്ചു വർഷത്തിനിടെ 861 കേസുകളാണുണ്ടായത്. ഏഴ് വർഷം വരെ തടവും പിഴയും കിട്ടാവുന്ന കേസാണിത്. കേരളാ മണി ലെൻഡേഴ്സ് ആക്ടിലെ 18 (ബി) വകുപ്പ് ഭേദഗതി ചെയ്ത് ശിക്ഷ കൂട്ടാൻ ശ്രമിക്കും. സ്ഥാപനത്തിനുണ്ടായ നഷ്ടം കുറ്റക്കാരിൽ നിന്ന് തിരിച്ചുപിടിക്കാനും ഭേദഗതി സഹായിക്കുമെന്ന് കോവൂർ കുഞ്ഞുമോന്റെ സബ്മിഷന് മന്ത്രി മറുപടി നൽകി.

കാഞ്ഞിരപ്പള്ളി ബൈപാസ് നിർമാണത്തിനായുള്ള റീ ടെൻഡർ ചെയ്യുന്നതിനുള്ള നടപടി കിഫ്ബി ഉടൻ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. എസ്റ്റിമേറ്റ് ഉടൻ തയാറാക്കും. സ്ഥലമെടുപ്പിന് 20 കോടിയുടെ ഭരണാനുമതിയും 78.69 കോടിക്ക് ധനാനുമതിയും നൽകി. ഭൂമി ഏറ്റെടുക്കൽ നഷ്ടപരിഹാരത്തിന് 26.46 കോടി രൂപ അനുവദിച്ചു. നിർമാണത്തിന് 18മാസം കണക്കാക്കി ആദ്യം ടെൻഡർ ചെയ്തതാണെങ്കിലും കാലതാമസം കാരണം കരാറുകാരനെ കിഫ്ബി ഒഴിവാക്കുകയായിരുന്നെന്നും ഡോ.എൻ.ജയരാജിന്റെ സബ്മിഷന് മന്ത്രി മറുപടി നൽകി.

പൊതുരേഖാ ബിൽ നിയമസഭ പാസാക്കി

തിരുവനന്തപുരം: 2023 ലെ കേരള പൊതുരേഖാ ബിൽ നിയമസഭ പാസാക്കി. പൊതുരേഖകളുടെ സംരക്ഷണത്തിന് നിയമപരിരക്ഷ ഉറപ്പാക്കുന്നതാണ് ബിൽ. 1968 ലെ പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് നിലവിലുണ്ടെങ്കിലും പ്രാധാന്യമുള്ള പുരാരേഖകളും പൊതുരേഖകളും സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് നിയമം ഉണ്ടായിരുന്നില്ല. ഈ പശ്ചാത്തലത്തിലാണ് പുതിയ ബിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിയമ സഭയിൽ അവതരിപ്പിച്ചത്.

മുങ്ങിയ കപ്പലിന്റെ ഉടമയെയും മാസ്റ്ററെയും പ്രതിയാക്കി കേസ്

തിരുവനന്തപുരം: കൊച്ചിയിൽ നിന്ന് 36 നോട്ടിക്കൽ മൈൽ അകലെ ഐഎംഎസ്‌സി എൽസ-3 കപ്പൽ മുങ്ങിയ സംഭവത്തിൽ കപ്പലുടമ, ഷിപ്പ് മാസ്റ്റർ, ക്രൂ അംഗങ്ങൾ എന്നിവരെ പ്രതികളാക്കി പോലീസ് ക്രിമിനൽ കേസെടുത്തതായി മന്ത്രി സജി ചെറിയാൻ നിയമസഭയിൽ പറഞ്ഞു.

തീരദേശ ഡിഐജിയുടെ മേൽനോട്ടത്തിൽ കേസ് അന്വേഷിക്കുന്നു. കപ്പൽ കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി മത്സ്യത്തൊഴിലാളികൾക്ക് അടക്കം നൽകും. 9531.11 കോടി നഷ്ടപരിഹാരം തേടി സർക്കാർ ഹൈക്കോടതിയിൽ കേസ് നൽകിയിരുന്നു. മലിനീകരണവും ഭീഷണികളും കണക്കിലെടുത്താണ് അഡ്മിറാലിറ്റി സ്യൂട്ട് നൽകിയത്. എന്നാൽ 1277.62 കോടി സെക്യൂരിറ്റി തുക കപ്പൽ കമ്പനി കെട്ടിവയ്ക്കാനാണ് ഹൈക്കോടതി ഉത്തരവ്. സർക്കാരിന് ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ചെയ്യുമെന്ന് ആന്റണി രാജുവിന്റെ ശ്രദ്ധക്ഷണിക്കലിന് മന്ത്രി മറുപടി നൽകി.

ടി.എൻ. പ്രതാപന് വർഷധാര പുരസ്കാരം

കൊടുങ്ങല്ലൂർ: കോട്ടപ്പുറം ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി ഏർപ്പെടുത്തിയ ഈ വർഷത്തെ വർഷധാര പുരസ്കാരം മുൻ എംപി ടി.എൻ. പ്രതാപന്. 50,000 രൂപയും ശില്പവും പ്രശസ്തിപത്രവുമാണ് പുരസ്കാരം.

ഒക്ടോബർ 12നു വൈകുന്നേരം ആറിന് കോട്ടപ്പുറം കായലോരത്തെ ആംഫി തിയറ്ററിൽ നടക്കുന്ന പുഴനിലാവ് ചടങ്ങിൽ സംവിധായകൻ സത്യൻ അന്തിക്കാട് പുരസ്കാരം സമ്മാനിക്കും. കൊടുങ്ങല്ലൂരിന്റെ വികസനത്തിനു നേതൃത്വം വഹിക്കുകയും ഒരുഘട്ടത്തിൽ നിശ്ചലമായിരുന്ന മുസിരിസ് പൈതൃകപദ്ധതി യാഥാർഥ്യമാക്കുന്നതിനു മുൻകൈയെടുക്കുകയും ചെയ്തതിനാണ് ടി.എൻ. പ്രതാപനെ പുരസ്കാരത്തിനു തെരഞ്ഞെടുത്തതെന്നു കോട്ടപ്പുറം ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി ഭാരവാഹികൾ പറഞ്ഞു.

വാർത്താസമ്മേളനത്തിൽ പ്രസിഡന്റ് വി.എം. ജോണി, പി.പി. ശിവശങ്കരൻ, ജോഷി ചക്കാമാട്ടിൽ, ഷാജി വടക്കൻ, പി.ഡി. ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു.

കാരൂർ പറഞ്ഞ വാധ്യാർ കഥകൾ

▶▶ ഇന്ന് കാരൂർ നീലകണ്ഠപ്പിള്ള വിടപറഞ്ഞിട്ട് അമ്പതാണ്ട്

മാത്യു ആന്റണി

മലയാള ചെറുകഥാസാഹിത്യത്തിലെ അതുല്യ പ്രതിഭകളിൽ ഒരാളായിരുന്നു കാരൂർ നീലകണ്ഠപ്പിള്ള. കഥ പറയാൻവേണ്ടി ജനിച്ച കാഥികനെന്ന് കാരൂരിനെപ്പറ്റി പറഞ്ഞു കേട്ടിട്ടുണ്ട്. കാരൂരിന്റെ സമകാലികരായ കഥാകൃത്തുക്കൾ കഥകളെ സമരായുധമാക്കിയപ്പോൾ, അദ്ദേഹം സമരങ്ങളെ കഥകളാക്കി മാറ്റി. അദ്ദേഹത്തിന്റെ കഥാലോകത്തിലെ ഒരു പ്രധാന ഭാഗമാണ് 'വാധ്യാർക്കഥകൾ' എന്നറിയപ്പെടുന്ന അധ്യാപക കഥകൾ. ഒരു സ്കൂൾ അധ്യാപകനായി തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ച കാരൂർ, ആ അനുഭവങ്ങളുടെ ചൂടും വെളിച്ചവും തന്റെ കഥകളിൽ പകർത്തി.

സാമ്പത്തിക ബുദ്ധിമുട്ടുകളാലും സാമൂഹികമായ അവഗണനകളാലും കഷ്ടപ്പെടുന്ന സാധാരണക്കാരായ സ്കൂൾ അധ്യാപകരുടെ ജീവിതമാണ് ഈ കഥകളിലെ മുഖ്യ പ്രമേയം. തുച്ഛമായ ശമ്പളത്തിൽ കുടുംബം പോറ്റാൻ പാടുപെടുന്നവരായിരുന്നു ഈ കഥാപാത്രങ്ങൾ. കടുത്ത ദാരിദ്ര്യത്തിലും ഉന്നതമായ മനുഷ്യത്വം കാത്തുസൂക്ഷിക്കുന്ന അധ്യാപകരെ മാലപ്പടക്കം എന്ന കഥയിൽ കാരൂർ അവതരിപ്പിക്കുന്നു. അവരുടെ നിസഹായതയും, അതേസമയം അവരുടെ നന്മയും ഈ കഥകളിലെ വൈകാരികാംശം വർധിപ്പിക്കുന്നു. ലളിതവും എന്നാൽ ഹൃദയസ്പർശിയായതുമായ ആഖ്യാനശൈലിയാണ് കാരൂരിന്റേത്.

'പൊതിച്ചോറ്' കാരൂരിന്റെ അധ്യാപക കഥകളിൽ ഏറ്റവും പ്രശസ്തമായ ഒന്നാണ്. ഒരു വിദ്യാർഥിയുടെ ഉച്ചഭക്ഷണം മോഷ്ടിച്ചത് മറ്റാരുമല്ല, കടുത്ത വിശപ്പുകാരണം നിവൃത്തിയില്ലാതെപോയ പ്രധാനാധ്യാപകനാണ് എന്ന് കഥയുടെ അവസാനം വെളിപ്പെടുത്തുന്നു. അധ്യാപകന്റെ

നിസഹായതയുടെ ആഴം ഈ കഥ വരച്ചുകാട്ടുന്നു. നായയ്ക്കു തുല്യമായ ജീവിതമായിരുന്നു അത്. പൊതിച്ചോറിൽ "ഒരു പട്ടി മാത്രം ചെയ്യുന്ന ഹീനകൃത്യം" - ഒരു കുട്ടിയുടെ ഉച്ചയ്ക്കുള്ള ആഹാരം കട്ടുതിന്നത്- ആണ് ഹെഡ്മാസ്റ്റർ ചെയ്യുന്നത്. ഒരു പട്ടിയെപ്പോലെ ഞാനതു ചെയ്തത് എന്തുകൊണ്ടാണെന്നു നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ. മുപ്പതുകൊല്ലമായി ജോലി ചെയ്യുന്ന എനിക്കു നിങ്ങൾ തരുന്ന പന്ത്രണ്ടു രൂപാ എത്ര

സമകാലികരായ കഥാകൃത്തുക്കൾ കഥകളെ സമരായുധമാക്കിയപ്പോൾ, കാരൂർ സമരങ്ങളെ കഥകളാക്കി മാറ്റി

പേരുടെ നിത്യവൃത്തിക്കുള്ളതാണെന്നു നിങ്ങൾക്കറിയാമോ? എനിക്കുമുണ്ട്, അമ്മയും അച്ഛനും-വൃദ്ധരായി പ്രവർത്തനശക്തി നശിച്ചവരായിട്ട്, എനിക്കുമുണ്ട്. ഭാര്യയും കുട്ടികളും-എന്നെ ആശ്രയിച്ചിട്ട്, എനിക്കുമുണ്ട്, ഇച്ഛകളും വികാരങ്ങളും-നിങ്ങളെപ്പോലെ,

സാറിനും പട്ടിക്കും എന്ന കഥയിലെയും അധ്യാപകാവസ്ഥ വ്യത്യസ്തമല്ല. ഒടുവിൽ പിന്നേ, സാറിനും പട്ടിക്കും ചോറുകൊടുത്തെങ്കിൽ അടുക്കളയടയ്ക്കരുതോ? എന്ന ഗൃഹനാഥന്റെ ചോദ്യം അധ്യാപകന്റെ തലയിൽ വന്നടിക്കുന്നു. അവിടെയും അമ്മയെയും അച്ഛനെയും സംരക്ഷിക്കാൻ സാറിനും പട്ടിക്കും എന്ന പ്രയോഗം മറ്റൊരു അധ്യാപകൻ സഹിക്കുന്നു.

ഒരു വിദ്യാർഥിയുടെ പരീക്ഷാകടലാസ് അധ്യാപകൻ ചായക്കടയിലെ കടം മൂലം അവിടെ ഈട് വയ്ക്കുന്നതും അതുമൂലം ആ വിദ്യാർഥിയുടെ ക്ലാസ്കയറ്റത്തിനുള്ള അർഹത നഷ്ടപ്പെടുന്നതുമാണ് ഉത്തരക്കടലാസ് എന്ന കഥ. അധ്യാപകരുടെ ജീവിതക്ലേശങ്ങൾ വിദ്യാഭ്യാസസംവിധാനങ്ങളെ മൊത്തത്തിൽ ബാധിക്കുമെന്ന് ഈ കഥപറയുന്നു. കാരൂരിന്റെ അധ്യാപക കഥകൾ കേവലം അധ്യാപകരുടെ കഥകളല്ല, മറിച്ച് അന്നത്തെ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയിൽ ഞെരുങ്ങിപ്പോയ ഒരു വലിയ ജനവിഭാഗത്തിന്റെ നേർചിത്രങ്ങൾ കൂടിയാണ്.

കാനറ ബാങ്ക് Canara Bank
സ്പെഷ്യലൈസ്ഡ് അസെറ്റ് റിക്കവറി മാനേജ്മെന്റ് ബ്രാഞ്ച്, 3-ാം നില, സർക്കിൾ ഓഫീസ് ബിൽഡിംഗ്, എം.ജി. റോഡ്, സ്പെൻസർ ജംഗ്ഷൻ, തിരുവനന്തപുരം - 1 ഫോൺ: 0471-2324797, 9037758608 E-mail: cb7909@canarabank.com

വസ്തു വീണ്ടെടുപ്പ് നോട്ടീസ് Ref. No. SARMB-TVM: RED: RVK/VP/RN01/2025 Dated 04-08-2025

വായ്പക്കാർ/ജാമ്യക്കാർ

(1) ശ്രീ. രാജേഷ് എ.ബി., S/o. ബാലകൃഷ്ണൻ നായർ (2) ശ്രീമതി. പ്രസന്ന രാജേഷ്, W/o. രാജേഷ് എ.ബി. (3) ശ്രീ. ബാലകൃഷ്ണൻ നായർ എ.എസ്, S/o. യാദവിയമ്മ (4) ശ്രീമതി കമലമ്മ, W/o. ബാലകൃഷ്ണൻ നായർ എ.എസ്, എല്ലാവരുടെയും വിലാസം: അടക്കൽ തെക്കേതിൽ വീട്, കൈപ്പട്ടൂർ പി.ഒ., വള്ളിക്കോട്, പത്തനംതിട്ട - 689648.

വിഷയം: സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 (ഇനി 'ആക്ട്' എന്ന് പരാമർശിക്കും)-ന്റെ സെക്ഷൻ 13(8) പ്രകാരം വസ്തു വീണ്ടെടുപ്പ് അവകാശം വിനിയോഗിക്കാനുള്ള അറിയിപ്പ്.

താഴെ പറയുന്ന പ്രകാരം, താഴെ ഒപ്പു വച്ചിട്ടുള്ള കാനറ ബാങ്ക് സ്പെഷ്യലൈസ്ഡ് അസെറ്റ് റിക്കവറി മാനേജ്മെന്റ് തിരുവനന്തപുരം ശാഖയുടെ (ഇനി 'സെക്യൂർഡ് ക്രെഡിറ്റർ' എന്ന് പരാമർശിക്കും) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, ടി ആക്ടിന്റെ സെക്ഷൻ 13(8) ഉം സർഫേസി റൂൾസിലെ റൂൾ 8(6)- ഉം പ്രകാരം ഈ നോട്ടീസ് പുറപ്പെടുവിക്കുന്നു.

നിങ്ങളെല്ലാവർക്കും അറിവുള്ളതുപോലെ, വായ്പക്കാരായ/സ്ഥാപനമായ ശ്രീ. രാജേഷ് എ.ബി. (വായ്പക്കാരൻ), പ്രസന്ന രാജേഷ് (സഹ-വായ്പക്കാരി), ബാലകൃഷ്ണൻ നായർ എ.എസ്. (ജാമ്യക്കാരൻ), കമലമ്മ (ജാമ്യക്കാരി) എന്നിവർക്ക് നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള 23,12,368.48 (ഇരുപത്തിമൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി അറുപത്തിയെട്ട് രൂപ നാൽപ്പത്തിയെട്ട് പൈസ മാത്രം) രൂപയും ബാധകമായ പലിശയും പ്രസ്തുത നോട്ടീസ് ലഭിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി ആക്ടിന്റെ സെക്ഷൻ 13(2) പ്രകാരം 23.09.2024-ന് ഡിമാൻഡ് നോട്ടീസ് നൽകി.

വായ്പക്കാർ/സ്ഥാപനം/കമ്പനി, പണയക്കാർ, ജാമ്യക്കാർ മുകളിൽ പറഞ്ഞ ഡിമാൻഡ് നോട്ടീസുകളിൽ പറഞ്ഞിരിക്കുന്ന തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ചവരുത്തിയതിനാൽ, ടി നിയമത്തിലെ സെക്ഷൻ 13(4) പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ 15.01.2025 ലെ കൈവശപ്പെടുത്തൽ നോട്ടീസിൽ വിവരിച്ചിരിക്കുന്ന സെക്യൂർ ചെയ്തിട്ടുള്ള സ്ഥാവര വസ്തുക്കൾ പ്രതീകാത്മകമായി കൈവശപ്പെടുത്തി. കൂടാതെ, കൈവശപ്പെടുത്തൽ നോട്ടീസ് 19.01.2025 ന് മാതൃഭൂമി, ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ് പത്രങ്ങളിൽ യഥാവിധി പ്രസിദ്ധീകരിച്ചു.

2002 ലെ സർഫേസി ആക്ടിലെ വ്യവസ്ഥകളും സർഫേസി നിയമങ്ങളിലെ റൂൾ 8(6) ഉം അനുസരിച്ച്, ഈ നോട്ടീസ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ, സെക്യൂർഡ് ക്രെഡിറ്റർ കൈവശപ്പെടുത്തിയ വസ്തുവകകൾ വീണ്ടെടുക്കാൻ നിങ്ങൾക്കെല്ലാവർക്കും ഇതിനാൽ അവസാനവും അന്തിമവുമായ അവസരം നൽകുന്നു. 25.09.2025 ലെ കണക്കനുസരിച്ച് ബാങ്കിന് കിട്ടുവാനുള്ള 23,84,561.97 രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തിനാലായിരത്തി അഞ്ഞൂറ്റി അറുപത്തിയൊന്ന് രൂപ തൊണ്ണൂറ്റിയേഴ് പൈസ മാത്രം) കുടിശികയും തുടർന്നുള്ള പലിശയും ചെലവുകളും പൂർണ്ണമായി അടച്ചു തീർക്കേണ്ടതാണ്, അല്ലാത്തപക്ഷം ബാധകമായ വ്യവസ്ഥകൾ പ്രകാരം (i) സമാനമായ വസ്തുക്കളിൽ ഇടപാടു നടത്തുന്ന വ്യക്തികളിൽ നിന്ന് ആയത് വാങ്ങുവാൻ താൽപര്യമുള്ളവരിൽ നിന്ന് ക്വട്ടേഷനുകൾ സ്വീകരിച്ചു കൊണ്ട്, അല്ലെങ്കിൽ (ii) പൊതുജനങ്ങളിൽ നിന്ന് ടെണ്ടർ ക്ഷണിച്ചുകൊണ്ട്, അല്ലെങ്കിൽ (iii) ഇ-ലേല മാർഗം ഉൾപ്പെടെ പൊതു ലേലത്തിലൂടെ; അല്ലെങ്കിൽ (iv) സ്വകാര്യ ഉടമ്പടിയിലൂടെ സെക്യൂർ ചെയ്തിട്ടുള്ള വസ്തുവകകൾ വിൽപനനടത്തി കുടിശിക തുക ഈടാക്കുന്നത് സംബന്ധിച്ച ടി നിയമപ്രകാരമുള്ള വിൽപനനോട്ടീസ് "പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. CERSAI ID: 200010209071

പത്രങ്ങളിൽ വിൽപനനോട്ടീസ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് എപ്പോൾ വേണമെങ്കിലും, ടി ആക്ടിന്റെ സെക്ഷൻ 13(8) പ്രകാരം, നിങ്ങൾക്ക് വസ്തുവകകൾ വീണ്ടെടുക്കാൻ സാധിക്കും, ആയതിൽ വീഴ്ച സംഭവിച്ചാൽ ടി ആക്ടിന്റെ സെക്ഷൻ 13(8) പ്രകാരം പണയപ്പെടുത്തിയ വസ്തുവകകൾ വീണ്ടെടുക്കാനുള്ള നിങ്ങളുടെ അവകാശം നഷ്ടപ്പെടുന്നതായിരിക്കും.

സെക്യൂർ ചെയ്ത സ്ഥാവര വസ്തുവകകളുടെ വിവരണം
വസ്തു ഉടമയുടെ പേര്: ശ്രീ. രാജേഷ് എ.ബി. (പണയക്കാരൻ), ശ്രീ. ബാലകൃഷ്ണൻ നായർ എ.എസ്. & ശ്രീമതി. കമലമ്മ (വസ്തുവിൽ ജീവിതാന്ത്യ അവകാശമുള്ളവർ)
പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, വള്ളിക്കോട് വില്ലേജിൽ, ബ്ലോക്ക് നം. 27-ൽ, റീ-സർവ്വേ നം. 231/5-ൽ പെട്ട 04.44 ആർസ് വസ്തുവും അതിലിരിക്കുന്ന വീടും സകലവിധ ചമയങ്ങളുമാകുന്നു. അതിരുകൾ: കിഴക്ക്: അടക്കൽ തെക്കേതിൽ ഭാർഗവി അമ്മ വക വസ്തു, തെക്ക്: റീ-സർവ്വേ നം. 231/20-ൽപ്പെട്ട, എ.ബി. രാജേഷ്, അടക്കൽ തെക്കേതിൽ വക വസ്തു, പടിഞ്ഞാറ്: ശശിധരൻ നായർ, സ്നേഹ ഭവൻ വക വസ്തുവും വഴിയും, വടക്ക്: തോട്ടൂർ വക പുരയിടം.

തീയതി: 25-09-2025, സ്ഥലം: തിരുവനന്തപുരം
അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, കാനറ ബാങ്ക്
K2509-574441

പ്ലാന്റ് ക്വാറന്റൈൻ നിയമത്തിന് പുഴുക്കുത്ത്

വിദേശ രോഗങ്ങൾ കേരളത്തെ കീഴടക്കുന്നു

വൈ.എസ്. ജയകുമാർ

കണ്ണൂർ: പ്ലാന്റ് ക്വാറന്റൈൻ നിയമം നടപ്പാക്കുന്നതിലെ പോരായ്മ കേരളത്തെ വിദേശ രോഗങ്ങളുടെ ഈറ്റില്ലമാക്കുന്നു. റബർ, തെങ്ങ്, കാപ്പി, ഓയിൽ പാം, പച്ചക്കറി, മുല്ല എന്നിവയ്ക്കെല്ലാം വ്യാപകമായ നാശം സൃഷ്ടിക്കുന്ന രീതിയിലാണ് ഈ രോഗങ്ങളുടെ കടന്നാക്രമണം. 2003ലെ ക്വാറന്റൈൻ നിയമപ്രകാരം വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന ചെടികൾ, വിത്തിനങ്ങൾ എന്നിവ 41 ദിവസം കരുതലിൽ വയ്ക്കുകയും രോഗമില്ലാത്തവയാണെന്ന് സാക്ഷ്യപ്പെടുത്തുകയും വേണം. എന്നാൽ നിയമം കർശനമായി നടപ്പാക്കുന്നതിലെ അപാകതയാണ് പ്രശ്നങ്ങൾക്കു കാരണം. പരിശോധനകൾക്കും സാക്ഷ്യപ്പെടുത്തലിനും ആവശ്യമായ ജീവനക്കാരെ നിയോഗിക്കാത്തതാണ് പ്രതിസന്ധി.

കൃഷിവകുപ്പിന്റെ ഫാമുകൾ പലതും ഭാഗികമായി പ്രവർത്തനം നിലയ്ക്കുകയും മറ്റു പണിയൊന്നുമില്ലാതെ ഉദ്യോഗസ്ഥർ നിലനില്ക്കുകയും ചെയ്യുമ്പോഴും ക്വാറന്റൈൻ നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥരെ വിന്യസിക്കുന്നില്ലെന്നതാണ് വിരോധാഭാസം.

റബറിലെ പൊടിക്കുമിൾ രോഗം, തെങ്ങിലെ വെള്ളീച്ച, മണ്ഡരി തുടങ്ങിയവ വിദേശത്തു നിന്നെത്തി കേരളത്തിലെ കൃഷിയെ തകർത്തുകൊണ്ടിരിക്കുന്ന രോഗകീടങ്ങളാണ്. പപ്പായയിലെ മീലിമൂട്ട, കാപ്പിയിലെ കായ്തുരപ്പൻ, പരുത്തിയിലെ മീലിമൂട്ട, ആഫ്രിക്കൻ പട്ടാളപ്പുഴു തുടങ്ങിയവയും കടൽ കടന്നെത്തിയ രോഗങ്ങളാണ്. പേരയിലെ എമറ്റോ, നിമാവിര രോഗങ്ങളും വിദേശത്തു നിന്നെത്തിയതാണ്. ആന്ധ്രയിലെ കടിയന്നൂരിലെ നഴ്സറികളിൽനിന്ന് കേരളത്തിലേക്ക് ഈ രോഗം എത്തിയതായാണ് ശാസ്ത്രജ്ഞരുടെ നിഗമനം.

കേരളത്തിലെ തെങ്ങുകളെ ആക്രമിക്കുന്ന പ്രധാന കീടമായ വെള്ളീച്ചകൾ മധ്യ അമേരിക്ക, വടക്കൻ അമേരിക്ക എന്നിവിടങ്ങളിൽനിന്ന് 2016ൽ തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ പ്രത്യക്ഷപ്പെട്ടതാണ്. തമിഴ്നാട്ടിൽനിന്ന് കേരളത്തിൽ എത്തിച്ച തെങ്ങിൻ തൈകൾ മുഖേന രോഗം വ്യാപിക്കുകയായിരുന്നു. വിദേശ തെങ്ങ് രോഗങ്ങളിൽ കേരളത്തിൽ എത്തിച്ചേരാത്തത് കടാങ് കടാങ് രോഗമാണ്. തെങ്ങിനെ ബാധിച്ചാൽ പെട്ടെന്ന് ഉണങ്ങി നശിച്ചുപോകും. കടാങ് കടാങ് വൈറസ് രോഗം ഫിലിപ്പീൻസ്, ഇന്തോനേഷ്യ, സോളമൻ ദ്വീപുകൾ എന്നിവിടങ്ങളിൽ വ്യാപിച്ചുകഴിഞ്ഞു. ശ്രീലങ്കയിൽ നിന്നുള്ള നടീൽ വസ്തുക്കൾ കേരളത്തിലേക്ക് എത്തിക്കാനുള്ള നിയന്ത്രണം കാരണം കടാങ് കടാങ് രോഗത്തെ തടയാൻ കഴിയുന്നതായി കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. റജി ജേക്കബ് തോമസ് പറയുന്നു.

വിദേശ രാജ്യ പുല്ലിനങ്ങളും കേരളത്തിന് ഭീഷണിയായി മാറിയിട്ടുണ്ട്. ക്ഷീര വികസനവകുപ്പു വഴി വിതരണം ചെയ്യുന്നതും 45 ദിവസത്തിനുള്ളിൽ ഒരാൾ പൊക്കത്തിൽ വളർന്നു പന്തലിച്ച് കാടായി മാറുകയും ചെയ്യുന്ന പുല്ലിനങ്ങളിലൂടെ വിവിധ ഫംഗസുകളും ഇലച്ചാടി വർഗങ്ങളും പെറ്റുപെരുകുന്നു. പുൽകൃഷി പ്രദേശത്തിനു സമീപത്തെ പച്ചക്കറി കൃഷിയെ ഇത് കാര്യമായി ബാധിക്കുന്നു.

വിദേശത്തേക്ക് നിയന്ത്രണം

ക്വാറന്റൈൻ നിയമം കർശനമായി നടപ്പാക്കുന്ന രാജ്യങ്ങളിലേക്ക് ഇന്ത്യയിൽനിന്നുള്ള ചെടികൾ, നടീൽ വസ്തുക്കൾ, കശുവണ്ടി പരിപ്പ് ചേർത്ത ബേക്കറി ഭക്ഷണ ഇനങ്ങൾ എന്നിവ പോലും പ്രവേശിപ്പിക്കില്ല. അതിനാൽ പോകുന്ന രാജ്യങ്ങളിലെ ക്വാറന്റൈൻ നിയമം മനസിലാക്കി ബേക്കറി വിഭവങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷണ പദാർഥങ്ങൾ കൊണ്ടുപോയില്ലെങ്കിൽ വിമാനത്താവളത്തിൽ പിടിച്ചെടുത്ത് നശിപ്പിക്കും.

ICICI Bank
ബ്രാഞ്ച് ഓഫീസ്: ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, പുഷ്പാംഗലം എസ്റ്റേറ്റ്, എൻഎച്ച് ബൈപാസ് റോഡ്, ഇടപ്പള്ളി, കൊച്ചി - 682024

പൊതു അറിയിപ്പ് – സുരക്ഷിതമായ ആസ്തി വിൽക്കുന്നതിനുള്ള ടെണ്ടറും ലേലവും
(റൂൾ 8(6) ന്റെ പ്രൊവിസോ കാണുക)
സ്ഥാവര ആസ്തികൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

ഫിനാൻഷ്യൽ സെക്യൂരിറ്റൈസേഷനും പുനർനിർമ്മാണത്തിനും കീഴിലുള്ള സ്ഥാവര ആസ്തികൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപ്പന അറിയിപ്പ് 2002 ലെ അസറ്റുകളും എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, സെക്യൂരിറ്റി ഇന്ററസ്റ്റ് റൂൾ 8 (6) ലെ വ്യവസ്ഥകൾ പ്രകാരം.
താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര വസ്തുക്കൾ പണയപ്പെടുത്തിയ/ചാർജ് ചെയ്ത, ഇനിയായികന്, അതിന്റെ ഭൗതിക കൈവശം വച്ചിരിക്കുന്ന, പൊതുവെ പൊതുജനങ്ങൾക്കും പ്രത്യേകിച്ച് കടം വാങ്ങുന്നവർക്കും (ഉത്തരവാദികൾക്കും) ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ നോട്ടീസ് നൽകുന്നു. "എവിടെയാണോ അവിടെ", "എന്താണോ അങ്ങനെ", "എന്തെല്ലാമാണോ അത്" പ്രകാരം താഴെ നൽകിയിരിക്കുന്ന സംക്ഷിപ്ത ആസ്തികൾ വിൽക്കുന്നതാണ്.

ക്രമ നമ്പർ	വായ്പ എടുത്തവരുടെ / കൂട്ടുവായ്പയെടുത്തവരുടെ/ഗ്യാരണ്ടർമാരുടെ പേര് /ലോൺ അക്കൗണ്ട് നമ്പർ	സുരക്ഷിതമായ ആസ്തികളുടെ വിശദാംശങ്ങൾ അറി യാവുന്ന ബാധ്യത കളോടെ, എന്തെങ്കിലും ഉണ്ടെങ്കിൽ	കുടിശ്ശിക യുള്ള തുക	കരുതൽ തുക / നിരതദ്രവ്യം	വസ്തു പരിശോധനയുടെ തീയതിയും സമയവും	ഇ-ലേല തീയതി & സമയവും
(A)	(B)	(C)	(D)	(E)	(F)	(G)
1	M/s ആക്സിസ് ഇന്റർനാഷണലിനെ പ്രതിനിധീകരിക്കുന്നത് പാർട്ണർസായ തെക്കേതിൽ സുലൈമാൻ & ഷബ്നം സുലൈമാൻ, ശ്രീ. മുഹമ്മദ് സൽമാൻ, ശ്രീ തെക്കേതിൽ സുലൈമാൻ (ജാമ്യക്കാർ & പണയക്കാർ) ലോൺ അക്കൗണ്ട് നമ്പർ: 323505000530	പ്രോപ്പർട്ടി 2- ആലപ്പുഴ ജില്ല- 690534, മാവേലിക്കര താലൂക്ക്, ചുനക്കര വില്ലേജ്, റീസർവ്വേ നമ്പർ. 279/1/3/2-4 ൽ 40.47 ആർ (100 സെന്റ്) വരുന്ന തരിശുഭൂമിയുടെ വിസ്തീർണം 43550. അതിരുകൾ: വടക്ക്: സുലൈമാന്റെ വസ്തു, തെക്ക്: മുഹമ്മദ് സൽമാന്റെ വസ്തു, കിഴക്ക്: പൊതുവഴി, പടിഞ്ഞാറ്: ചെല്ലിച്ചിറ ഫാമിലിയുടെ വസ്തു.	രൂപ. 3,92,79,118/- (സെപ്റ്റംബർ, 24, 2025 വരെ)	പ്രോപ്പർട്ടി 2 രൂപ. 62,50,000/- / രൂപ. 6,25,000/-	നവംബർ, 03, 2025 10:00 AM മുതൽ 02:00PM വരെ	നവംബർ, 11, 2025 10:30AM മുതൽ 11:30 AM വരെ
		പ്രോപ്പർട്ടി -3 ആലപ്പുഴ ജില്ല- 690534, മാവേലിക്കര താലൂക്ക്, ചുനക്കര വില്ലേജ്, റീസർവ്വേ നമ്പർ. 279/1/3/2-2 ൽ 34.93 ആർ (86.28 സെന്റ്) വരുന്ന തരിശുഭൂമിയുടെ വിസ്തീർണം 37590. അതിരുകൾ: വടക്ക്: ഷബ്നം സുലൈമാന്റെ വസ്തു, തെക്ക്: ചെല്ലിച്ചിറ കുടുംബത്തിന്റെ വസ്തു, കിഴക്ക്: പൊതുവഴി, പടിഞ്ഞാറ്: ചെല്ലിച്ചിറ കുടുംബത്തിന്റെ വസ്തു.		പ്രോപ്പർട്ടി 3 രൂപ. 48,75,000/- / രൂപ. 4,87,500/-		

ഞങ്ങളുടെ ലേല ഏജൻസിയായ Matex Technologies Pvt Ltd ന്റെ വെബ്സൈറ്റിൽ (URL Link- https://www.assets.matexauctions.com) ഓൺലൈൻ ലേലം നടത്തും. പണയക്കാർക്ക് 2025 നവംബർ 10 ന് 05:00 PM മുമ്പുവരെ പലിശ സഹിതമുള്ള കുടിശ്ശിക അടയ്ക്കുവാനും, നൽകാത്തപക്ഷം മേൽപറഞ്ഞ വസ്തു വിൽക്കുന്നതുമാണ്. പ്രതീക്ഷിക്കുന്ന ബിഡ്ഡർ(കൾ) ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, പുഷ്പാംഗലം എസ്റ്റേറ്റ്, എൻഎച്ച് ബൈ പാസ് റോഡ്, ഇടപ്പള്ളി, കൊച്ചി 682024 എന്ന വിലാസത്തിൽ ഏണസ്റ്റ് മണി ഡിപ്പോസിറ്റ് (ഇഎംഡി) ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം E കാണുക) സമർപ്പിക്കണം.2025 നവംബർ 10, 05:00 PM നോ അതിനു മുമ്പോ, അതിനുശേഷവും മുകളിൽ സൂചിപ്പിച്ച വെബ്സൈറ്റ് വഴി 2025 നവംബർ 10, 05:00 PM-നോ അതിനുമുമ്പോ, EMD അടച്ചതിന്റെ തെളിവായി ബാങ്ക് അംഗീകരിച്ച ഡിഡിയുടെ സ്കാൻ ഇമേജ് സഹിതം ഓഫർ സമർപ്പിക്കേണ്ടതുണ്ട്. ദയവായി ശ്രദ്ധിക്കുക, വരാനിരിക്കുന്ന ബിഡ്ഡർമാർക്ക് അവരുടെ ഓഫർ വെബ്സൈറ്റ് വഴി സമർപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ, ടെണ്ടർ രേഖകളുടെ ഒപ്പിട്ട പകർപ്പ് സഹിതം ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, പുഷ്പാംഗലം എസ്റ്റേറ്റ്, എൻഎച്ച് ബൈ പാസ് റോഡ്, ഇടപ്പള്ളി, കൊച്ചി –682024 എന്ന വിലാസത്തിൽ 2025 നവംബർ 10, 05:00 PM നോ അതിനു മുമ്പോ സമർപ്പിക്കാം. 'ICICI Bank Limited' കൊച്ചിയിൽ മാറാവുന്ന തരത്തിൽ ഒരു ദേശസാൽകൃത /ഷെഡ്യൂൾഡ് ബാങ്കിൽ നിന്നെടുത്ത ഏണസ്റ്റ് മണി ഡെപ്പോസിറ്റ് DD/ PO ആയിരിക്കണം.
ഇ-ലേലത്തിന്റെ പരിശോധന, നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ടെൻഡർ സമർപ്പിക്കലും സംബന്ധിച്ച കൂടുതൽ വ്യക്തതകൾക്കായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡ് ഫോൺ: 813023587എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.
കൂടുതൽ കാരണങ്ങളൊന്നും നൽകാതെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ബിഡുകളും നിരസിക്കാനുള്ള അധികാരം അംഗീകൃത ഓഫീസർക്ക് നിക്ഷിപ്തമാണ്. വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, ദയവായി www.icicibank.com/n4p4s സന്ദർശിക്കുക.
തീയതി: സെപ്റ്റംബർ 30, 2025
സ്ഥലം: എറണാകുളം, ആലപ്പുഴ & പാലക്കാട്
അംഗീകൃത ഓഫീസർ
ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്
K2509-574444